**Talented Bankers Literary Panel - പുസ്തകപരിചയം 59**

പരിചയപ്പെടുത്തുന്നത്
സുരേഷ് നാരായണൻ
ധനലക്ഷ്മി ബാങ്ക്
ആലപ്പുഴ ശാഖ.

**വന്യം (കഥകൾ) - 2019**
**വിവേക് ചന്ദ്രൻ.**

വിഷ്വലുകളും ഗന്ധങ്ങളുമാണ് വിവേക് ചന്ദ്രന്റെ ആയുധങ്ങൾ.

ട്രെയിനിൽ ജാലകസീറ്റിലിരുന്നാണ് ഈ പുസ്തകം വായിച്ചു തീർത്തത്. യഥാർത്ഥത്തിൽ വായിക്കുകയല്ല , തീവണ്ടി കണക്ക് പേജുകളിലൂടെ കുതിച്ചും കിതച്ചും പായുകയായിരുന്നു.

ഇക്കഥകളുടെ ആത്മാവായിരിക്കണം,
ഇടയ്ക്കിടെ തണുത്തകാറ്റായ് ജാലകത്തിലൂടെ അടിച്ചുകയറിവന്നു ഉള്ളാകെ മരവിപ്പിച്ചുകൊണ്ടിരുന്നു!

ഓരോ കഥകളും വളരെ വിശദമായ പഠനവും വിലയിരുത്തലും ആവശ്യപ്പെടുന്നുണ്ട്.

**1. പ്രഭാതത്തിലെ മണം**

ജാനകിയുടെ വാതിലിൽ എന്നപോലെ നമ്മുടെ മനസ്സിലും ആരോ തുടർച്ചയായി
തട്ടിവിളിക്കുന്നതായുള്ള ഒരനുഭവം പ്രദാനം ചെയ്യുന്ന കഥ .വിഷ്വലുകളുടെ അസാധ്യമായ കൂട്ടിച്ചേർക്കലുകൾ ഇക്കഥയുടെ ക്യാൻവാസിനെ ആഴമുള്ളതാക്കിയിരിക്കുന്നു.

ആൾക്കൂട്ടത്തിനു നടുവിൽ ഇളകിക്കൊണ്ടിരിക്കുന്ന മാന്ത്രികന്റെ തലപ്പാവും , ജാനകിയുടെ മുഖത്തുവീണു തിളങ്ങുന

ഊഞ്ഞാൽക്കൈകളിലെ വർണ്ണ വെളിച്ചവും ഒത്തിരിക്കാര്യങ്ങൾ നമ്മോടു പറയുന്നു.

**2. സമരൻ ഗണപതി**

വിഷ്വലുകളോടൊപ്പം ഗന്ധങ്ങളും ഇക്കഥയിൽ വിളക്കിച്ചേർക്കപ്പെടുന്നു.
ജീവിതം തന്നെ മാറ്റിമറിച്ചേക്കാവുന്ന ഒരു ബോക്സിംഗ് ഫൈനൽ മാച്ചിനു മുമ്പ് സമരൻ ഗണപതി എന്ന ബോക്സർ കടന്നു പോകുന്ന സംഘർഷങ്ങളുടേയും വിചിത്രാനുഭവങ്ങളുടേയും ആഴത്തിലുള്ള ഒരൊഴുക്കാണീക്കഥ .

ഗർഭപാത്രം പോലുള്ള സമരന്റെ താമസ മുറി അടിക്കടി പുറപ്പെടുവിക്കുന്ന സിമൻറ് ചാന്തിന്റെ ഗന്ധം അവന്റെ ശരീരത്തിലെ രാസമാറ്റങ്ങൾക് എപ്രകാരം ഹേതുവായ്ത്തീരുന്നു എന്നു വിവരിക്കുന്നതിൽ വിവേകിന്റെ അചഞ്ചലമായ കൈയടക്കം കാണാം.

**3. ഭൂമി**

ഭൂമി എന്ന പെൺകുട്ടിയുടെയും , ജീവിതം സ്ലോമോഷനിൽ നടന്നു തീർത്ത അവളുടെ ചാച്ചന്റേയും ആവിഷ്കാരം .

സ്വന്തം ഇളയച്ഛനാൽ ബലമായി ഭോഗിക്കപ്പെടുമ്പോഴും , അവളെ നീറ്റിക്കുന്നത് അപ്പോൾ തന്റെ ദേഹത്തെമ്പാടും ഒഴുകിയിറങ്ങിയ മഴയുടെ തീത്തുള്ളികളാണ്.

ഫിലിംസ് ഡിവിഷനിലെ അസൈൻമെന്റും അവിടത്തെ മുപ്പതിനായിരം പടങ്ങളും അസംഖ്യം ഫിലിം റോളുകളും എല്ലാംകൂടി ചേർന്ന് വിഷ്വലുകളുടെ ഒരനന്തസാധ്യത ഇക്കഥയും കോരിച്ചൊരിയുന്നു.

പക്ഷേ, നരേറ്റീവിന്റെ ചാഞ്ചാട്ടം (first & second person) കഥയുടെ വായനയിൽ കല്ലുകടിയായി തീരുന്നുണ്ട്.

**4. ഏകനാഥൻ**

" ഈ കപ്പിത്താൻ പുണ്യാളത്തിയല്ലേ നിന്റമ്മ , ചിന്നിമല റൂട്ടിലോടുന്ന മഞ്ഞുമ്മൽ ഷൈൻ ബസ് അപ്പനും" പൊടിയമ്മ ജോക്കുട്ടനോട് പറയുന്ന ഈ വാക്കുകൾ ഞാൻ ഇതേവരെ വായിച്ചതിൽ വെച്ച് ഏറ്റവും നിഷ്കളങ്കമായ ഒന്നാണ്💓. പള്ളിപ്പടിക്കു മുമ്പിൽ കിതപ്പടക്കി കിടക്കുന്ന മഞ്ഞുമ്മൽ ഷൈൻ ബസ്സിനെ ഒരു കാമുകിയെ വർണ്ണിക്കുന്ന അതേ സൂക്ഷ്മതയോടെ കഥാകൃത്ത് വരച്ചിടുന്നു!

"പതിയെ പടിക്കലെ
തെച്ചി വിറച്ചു; അപ്പൻ വരുന്നതിന്റെ സൂചനയാണ് " എന്നീ വാക്യങ്ങളൊക്കെ അപൂർവ്വമായ സൗരഭ്യം പ്രസരിപ്പിക്കുന്നുണ്ട്. പക്ഷേ അപ്പനാകട്ടെ, പനി വരാൻ കൊതിയോടെ കാത്തുകിടക്കുന്ന ജോക്കുട്ടന്റെ ഉറക്കത്തിലെ സ്വപ്നമായി വന്ന് പുണ്യാളത്തിയുടെ നടയിൽ പലാശ ഇതളുകളായി വീണുചിതറിപ്പോവുകയാണ്.

**5. വന്യം**

കഥ മാലാഖമാർക്കുള്ളതാണ്!

ഒരേസമയം പാലപ്പവും പന്നിമാംസവും ആയിരിക്കുക ! ആ ഒരു അപൂർവതയാണ് ഇക്കഥയുടെ അടുപ്പുകല്ല്.

പെട്ടെന്ന് കെട്ടുപോയ വെളിച്ചത്തെ ഓർമ്മിപ്പിച്ച് നമ്മെ ദുഃഖിപ്പിക്കുകയും അതേസമയം ആയിരുട്ടിൽ പെട്ടന്നു തെളിയുന്ന ചെന്നായ്ക്കണ്ണുകളിലൂടെ നമ്മെ പേടിപ്പിക്കുകയും ചെയ്യുന്നുണ്ട് വന്യം.

എൺപത്തിനാലാമത്തെ പേജിലെ കർത്താവിന്റെ
ധർമ്മസങ്കടങ്ങളിൽ
ബൈബ്ലിക്കൽ ഭാഷയുടെ സ്നിഗ്ദ്ധത തൊട്ടറിയാം !

**6. മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരെ കുറിച്ച്**

മറ്റെല്ലാക്കഥകളിലും എന്നപോലെ ഇതിലും മ(ര)ണം ഒരു കഥാപാത്രമാണ്.
രാധികയുടെ നെറ്റിയിൽ കാമുകൻ വെച്ച ഉമ്മയെ തണുപ്പിച്ചു കളഞ്ഞ

മരണം..

ജാമുൻപഴങ്ങളുടെ ഗന്ധങ്ങളിലും, സെറ്റിയിലെ കുഷ്യൻ ചുളികളിലും ഒളിച്ചു കടന്ന്, മറവിയുടെ ചങ്ങലകൾ പൊട്ടിച്ച് അവന്റെ തൊണ്ടയിൽ കുരുക്കായി മാറുന്ന അവളുടെ ഓർമ്മകൾ.

വായനക്കാർ സൂക്ഷിക്കുക, വിവേക് ചന്ദ്രന്റെ കഥയുടെ തെരുവുകളിൽ മനശാസ്ത്രജ്ഞന്മാർ പതിയിരിക്കുന്നുണ്ട്! കൈവിഷം തരാൻ!

പ്രസാധകർ - ഡിസി ബുക്ക്സ്
വില - Rs. 110/-